# Desabhimani

# 31 August 2018

# Kochi, After Flood, Mobile Clinics

## മൊബൈൽ ക്ലിനിക്കുകൾ ഇന്നു മുതൽ

**കൊച്ചി**

ജില്ലയിൽ വെള്ളപ്പൊക്കം കൂടുതലായി ബാധിച്ച 42 പഞ്ചായത്തുകളിലും എട്ടു നഗരസഭകളിലുമുള്ള സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽ താൽക്കാലിക ക്ലിനിക്കുകളുടെ പ്രവർത്തനം ഇന്നുതുടങ്ങും. ഒന്നിലധികം കേന്ദ്രങ്ങളിൽ സേവനം ലഭിക്കും. ജനങ്ങളുടെ മാനസിക ആരോഗ്യം, കിടപ്പുരോഗികളുടെ ശ്രദ്ധ, ജീവിതശൈലീ രോഗങ്ങളുള്ളവർക്കുള്ള ചികിത്സ എന്നിവയും ജീവനക്കാർ നേരിട്ടെത്തി പരിശോധിക്കും. ഇതിനുവേണ്ടി കൂടുതൽ ജീവനക്കാരെ ഉൾപ്പെടുത്തി വിപുലമായ സംവിധാനമാണ് ഒരുക്കിയിരിക്കുന്നതെന്ന് ജില്ലാ ആരോഗ്യവകുപ്പ് അറിയിച്ചു.

കേന്ദ്രങ്ങളിൽ നിലവിലുള്ള ഡോക്ടർക്കുപുറമെ അധിക ഡോക്ടറും നേഴ്സും ഉണ്ടാകും. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ തിരക്ക് ഒഴിവാക്കാനും കൂടുതൽ ജനങ്ങൾക്ക് ചികിത്സ ഉറപ്പുവരുത്താനുമാണ് അധിക ക്ലിനിക് പ്രവർത്തിക്കുന്നത്. ജനങ്ങൾക്ക് ആശുപത്രിയിൽ എത്തിപ്പെടാൻ പറ്റാത്ത ഇടങ്ങളിൽ നേരിട്ടെത്തി മൊബൈൽ ക്ലിനിക്കുകളായും പ്രവർത്തിക്കും. ജനറൽ ഒപിയിൽ ലഭിക്കുന്ന സേവനങ്ങൾ ലഭിക്കും. കിടപ്പുരോഗികളെ പാലിയേറ്റീവ് നേഴ്സുമാർ സന്ദർശിച്ച് സാന്ത്വന പരിചരണം നൽകും. ഒരു കമ്യൂണിറ്റി നേഴ്സും ഇവരോടൊപ്പം ഉണ്ടാകും. രണ്ടുപേർ ഉൾപ്പെടുന്ന 85 ടീം ഇതിനോടകം പ്രവർത്തനം തുടങ്ങി. ഇതോടൊപ്പം ജീവിതശൈലീ രോഗികളുടെയും ക്ഷയരോഗബാധിതരുടെയും കുഷ്ഠരോഗബാധിതരുടെയും തുടർചികിത്സയുമായി ബന്ധപ്പെട്ട കാര്യങ്ങളും പരിഗണിക്കും. മരുന്ന് മുടങ്ങുകയോ, നഷ്ടപ്പെടുകയോ ചെയ്തവർക്ക് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾവഴി നൽകാൻ നടപടികൾ സ്വീകരിക്കും.

രോഗ പ്രതിരോധ പ്രവർത്തനങ്ങളും വകുപ്പ് ഊർജിതമാക്കി. ഇതിനായി 800 ഫീൽഡ് സ്റ്റാഫുകളാണ് ഉള്ളത്. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് 72 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും ഉണ്ട്. രണ്ടുപേർ വീതം 40 മുതൽ 50 വീടുകൾവരെ സന്ദർശിച്ച് സ്ഥിതി വിലയിരുത്തും. പനി, വയറിളക്കം മറ്റു രോഗങ്ങൾ ഉള്ളവർ എന്നിവരുടെ വിവരങ്ങൾ ശേഖരിക്കും. കൂടാതെ കമ്യൂണിറ്റി മെന്റൽ ഹെൽത്ത് വിഭാഗത്തിന്റെ രണ്ട് ടീമുകളുടെ സേവനവും ജനങ്ങൾക്ക് നൽകും. പ്രളയ ദുരിതത്തെത്തുടർന്ന് മാനസിക പ്രശ്നങ്ങൾ നേരിടുന്നവരെ സഹായിക്കുകയാണ് ലക്ഷ്യം. ഇതിൽ സൈക്കോളജിസ്റ്റിന്റെയും സോഷ്യൽ വർക്കറുടെയും സേവനം ലഭിക്കും. പ്രദേശത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴിയാണ് മുഴുവൻ സേവനങ്ങളും ജനങ്ങളിലേക്കെത്തിക്കുന്നത്.